പിന്നിൽ മുറുകെപ്പിടിച്ച ഇരുമ്പു വടിയുമായി ലിൻഡ. അവളുടെ കണ്ണുകൾ തുറിച്ചിരുന്നു. മാറിടം ഉയർന്നു താഴുന്നു. ഏഞ്ചൽ ഒന്നനങ്ങാൻ പോലുമാകാതെ നിന്നു. ലിൻഡ അവളുടെ കൈയിൽ കടന്നു പിടിച്ചു. മേരിയുടെ വീട്ടിൽ ലൈറ്റുകൾ തെളിയുന്നതു കണ്ടതും, ലിൻഡ മകളുടെ കൈപിടിച്ചു വലിച്ചുകൊണ്ടു പുറത്തു റോഡിലേക്കോടി....

## 23. ശ്മശാനപ്പൂക്കൾ

ദിവസങ്ങളായി ചത്തു കിടന്ന സൈമണിന്റെ കൺപോളകൾ ഒന്നു ചലിച്ചു. അത് ജീവിതത്തിലേക്കുള്ള തിരിച്ചുവരവിനായുള്ള അപേക്ഷ പോലെ സൂസനു തോന്നിച്ചു. മങ്ങിയ പ്രകാശത്തിന്റെ നേർത്ത വീചികളിൽ സൈമൺ കണ്ടു, സൂസൻ. രണ്ടു വർഷത്തിനു ശേഷം കാണുകയാണ്. അയാൾ സന്തോഷം കൊണ്ടു ചിരിച്ചു. ആ ചിരിയിൽ ഒരുപാട് അർത്ഥതലങ്ങൾ സൂസൺ കണ്ടു. അവൾക്ക് എന്തു ചെയ്യണമെന്ന് അറിയില്ലായിരുന്നു. അതിൽ ജീവിതവും മരണവും തമ്മിലുള്ള കൊളുത്തിപ്പിടിത്തം മാത്രം അലയടിക്കുന്നു. അവൾക്കു കരയണമെന്നു തോന്നി. നെഞ്ചു വിണ്ടു കീറുന്നു. സൈമൺ പുഞ്ചിരിക്കാൻ ശ്രമിക്കുന്നത് അവൾ വീണ്ടും കണ്ടു. അത് ചുണ്ടിന്റെ കോണിലെവിടെയോ കൊളുത്തി വലിക്കുകയാണ്. പെട്ടെന്നാണ്, ശ്വാസത്തിന്റെ അവസാന മരവിപ്പും സൈമണിന്റെ ശരീരത്തിൽ നിന്നു പിഴുതെറിയുന്നതു സൂസൻ കണ്ടത്.

ചിരിയുടെ ശകലം മാത്രം ചുണ്ടിന്റെ കോണിൽ ഒളിച്ചു. മുഖത്തു ഒരു വെട്ടൽ. ശരീരം മൃദുവായി ഞരങ്ങഅങി. കഴുത്ത് ഒരു വശത്തേക്കു ചരിഞ്ഞു, തല പിന്നിലേക്കു വീണു. ജീവന്റെ അവസാനത്തെ കണികയും സൈമണിന്റെ ശരീരത്തിൽ നിന്നു യാത്ര പറയുന്നു. അയാളുടെ കണ്ണുകൾ തുറന്നുതന്നെയിരുന്നു.

സൂസന് എന്തു ചെയ്യണമെന്നറിയില്ലായിരുന്നു. സൈമൺ ഇനിയില്ല എന്ന തിരിച്ചറിവിൽ, അവളുടെ കണ്ണുകളിൽനിന്ന് അവളറിയാതെ ഓരോ തുള്ളി കണ്ണുനീർ കവിളുകളിലൂടെ ചാലിട്ടു. സൂസൻ സൈമണിന്റെ ചേതനയറ്റ ശരീരത്തിലേക്കു വീണു പൊട്ടിക്കരഞ്ഞു.